**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും/സ്ഥലംമാറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.410/2021/വനം                തീയതി, തിരുവനന്തപുരം, 14/12/2021.

---

പരാമർശം:-

1. 13.10.2021-ലെ സ.ഉ(പി) നം. 33/2021/ വനം നമ്പർ ഉത്തരവ്.
2. 26.10.2021-ലെ സ.ഉ(സാധാ) നം.341/2021/വനം നമ്പർ ഉത്തരവ്.
3. OP(KAT) 331/2021-ന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 01.12.2021-തീയതിയിലെ ഇടക്കാല ഉത്തരവ്.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.12.2021-ലെ ഡി2-1277/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2020, 2021 വർഷങ്ങളിൽ വനം വകുപ്പിന് കീഴിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റ് പരാമർശം 1 പ്രകാരം അംഗീകരിക്കുകയും വിജ്ഞാപനം ചെയ്തു ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി. 2021-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ രണ്ടു പേർക്ക് പരാമർശം 2 പ്രകാരം, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീമതി.ദിവ്യ എസ്.എസ് റോസ് ഫയൽ ചെയ്ത OA-1869/2021-ന്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 21.10.2021-തീയതിയിലെ ഇടക്കാല ഉത്തരവ് കാരണം സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റുള്ളവർക്ക് സ്ഥാനക്കയറ്റം അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. ശ്രീമതി.ദിവ്യ എസ്.എസ് റോസിനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും, ടിയാൾക്ക് പ്രൊമോഷന് അർഹതയുള്ളതിനാൽ, ടിയാളെ പ്രൊമോഷന് പരിഗണിച്ച ശേഷം ജൂനിയേഴ്സിനെ പ്രൊമോട്ട് ചെയ്യാമെന്നും വ്യക്തമാക്കി കൊണ്ട് 10.11.2021-തീയതിയിൽ, OA-1869/2021-ന്മേൽ, ബഹു.ട്രിബ്യൂണൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.) ബഹു.ട്രിബ്യൂണലിന്റെ പ്രസ്തുത ഉത്തരവിനെതിരായി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.സന്ദീപ്.എസ് മുതൽ പേർ ചേർന്ന് ബഹു.കേരള ഹൈക്കോടതിയിൽ OP(KAT) 331/2021-ഫയൽ ചെയ്യുകയുണ്ടായി. ടി OP(KAT) പരിഗണിച്ച ബഹു.ഹൈക്കോടതി, ഒരു ഒഴിവു മാത്രം നിർത്തി കൊണ്ട് ബാക്കിയുള്ളവയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കാമെന്ന് പരാമർശം 3 പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2021-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നമ്പർ 3 മുതൽ 6 വരെ ഉള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥലം മാറ്റവും അനുവദിക്കുന്നതിനുള്ള

ശിപാർശ പരാമർശം 4 പ്രകാരം, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ച 2021-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ 3 മുതൽ 6 വരെ ഉള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. അനുരാജ് ബി.ആർ, ശ്രീമതി. വീണാദേവി കെ.ആർ, ശ്രീ.സന്ദീപ് എസ്, ശ്രീ. എം. ജി. വിനോദ് കുമാർ എന്നിവർക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 28(b) (i) പ്രകാരം, 63,700-1,23,000/- രൂപ ശമ്പള നിരക്കിൽ, താഴെ പറയും പ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥാനക്കയറ്റം</u>

i. എസ്.എഫ്.റ്റി.ഐ, അരിപ്പ, റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. അനു രാജ് ബി.ആർ-ന് (പെൻ - 637033 ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, വനം വകുപ്പ് ആസ്ഥാനത്തു നിലവിലുള്ള ഒഴിവിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ്) ആയി നിയമിക്കുന്നു.

ii. സെൻട്രൽ നഴ്സറി, തൃശ്ശൂർ, റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീമതി.വീണാദേവി കെ.ആർ-ന് (പെൻ - 698925 ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, ടിംബർ സെയിൽസ് ഡിവിഷൻ പെരുമ്പാവൂർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി നിയമിക്കുന്നു.

iii. നഗരംപാറ, റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. സന്ദീപ് എസ്.ന് (പെൻ - 159122) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, വനം വകുപ്പ് ആസ്ഥാനത്തു നിലവിലുള്ള ഒഴിവിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, (സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ) ആയി നിയമിക്കുന്നു.

iv. മറയൂർ, റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ എം.ജി വിനോദിന് (പെൻ - 161021) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായി നിയമിക്കുന്നു.

<u>സ്ഥലം മാറ്റം</u>

i. മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.രഞ്ജിത്തിനെ (പെൻ - 394367), അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വെസ്റ്റഡ് ഫോറസ്റ്റ് ) പാലക്കാട് ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

ii. പാലക്കാട് (വെസ്റ്റഡ് ഫോറസ്റ്റ് ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.പി.രവീന്ദ്രനാഥിനെ (പെൻ - 439276), നിലമ്പൂർ (നോർത്ത് ) ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

iii. നിലമ്പൂർ (നോർത്ത് ) ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.ജോസ് മാത്യുവിനെ, വൈൽഡ് ലൈഫ് വയനാട് (നോർത്ത് ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയി സ്ഥലം മാറ്റി നിയമിക്കുന്നു .

iv. പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.ജി.പ്രസാദിനെ (പെൻ - 160509), വർക്കിംഗ് പ്ലാൻ ഓഫീസർ മൂന്നാർ ആയി സ്ഥലം മാറ്റി

നിയമിക്കുന്നു.

v. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടർ ശ്രീ.കെ.എസ്.ജ്യോതിയെ (പെൻ - 479668), അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി, കൊല്ലം ആയി സ്ഥലം മാറ്റി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പ്രേമൻ
അണ്ടർ സെക്രട്ടറി

പകർപ്പ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം ) മുഖേന].
അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Noushad S
Date: 14-12-2021 16:53:09
Reason: Approved
സെക്ഷൻ ഓഫീസർ.

ബഹു വനം വന്യ ജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് .
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.